# Athmaraksha.org

വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം-March

## March 21



### വിശുദ്ധ യൗസേപ്പ് പിതാവിന്റെ വണക്കമാസം: ഇരുപത്തൊന്നാം തീയതി

'യാക്കോബ് മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു. അവളിൽ നിന്നു ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു' (മത്തായി 1:16).

### വിശുദ്ധ യൗസേപ്പ് പിതാവ് ക്രൈസ്തവർ മാതൃകയാക്കേണ്ട വ്യക്തിത്വം

വിശ്വാസം എന്ന് പറയുന്നതു ദൈവവുമായിട്ടുള്ള ഒരു അഭിമുഖവും പരിപൂർണ്ണമായ അർപ്പണവുമാണ്. മാർ യൗസേപ്പിന്റെ ജീവിതം ദൈവത്തിലുള്ള പരിപൂർണ്ണമായ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അർപ്പണമായിരുന്നു. പ. കന്യകാമറിയവുമായുള്ള വിവാഹവും വിവാഹാനന്തരമുള്ള പരിപൂർണ്ണ വിരക്തമായ ജീവിതവും യൌസേപ്പ് പിതാവിന്റെ അനിതരസാധാരണമായ വിശ്വാസത്തിന്റെ സാക്ഷ്യമായിരിന്നു. മാർ യൗസേപ്പ് അദ്ദേഹത്തിന്റെ ബാല്യകാലത്ത് യഹൂദ പാരമ്പര്യത്തിലാണ് വളർത്തപ്പെട്ടത്. എന്നാൽ ക്രിസ്തീയ സഭയുടെ പ്രതിരൂപമായിരുന്നു നസ്രത്തിലെ തിരുക്കുടുംബം. പരിശുദ്ധ കന്യക, പരിശുദ്ധാത്മാവിനാൽ ദൈവകുമാരനെ ഗർഭം ധരിച്ച വിവരം ദൈവദൂതൻ അറിയിച്ചപ്പോൾ വിശുദ്ധ യൗസേപ്പ് പിതാവ് അംഗീകരിക്കുന്നത് അദ്ദേഹത്തിന്റെ പരിപൂർണ്ണമായ വിശ്വാസത്തിന്റെ അർപ്പണത്തിലൂടെയാണ്. പിന്നീടുള്ള മാർ യൗസേപ്പിന്റെ ജീവിത യാത്ര മുഴുവൻ പരിപൂർണ്ണമായ വിശ്വാസത്തിന്റെയും പ്രത്യാശയുടേയും സമർപ്പണമായിരിന്നു.

ബെത്‌ലഹെമിൽ പിറന്ന ശിശു ദൈവത്തിന്റെ നിത്യവചനമാണെന്ന് അംഗീകരിച്ചു കൊണ്ട് വിശുദ്ധ യൗസേപ്പ്, ദിവ്യശിശുവിനെ ആരാധിച്ചു. പൗരസ്ത്യ വിജ്ഞാനികൾ ദിവ്യശിശുവിനെ ആരാധിക്കുമ്പോഴും വിശുദ്ധ യൗസേപ്പ് തന്റെ വിശ്വാസത്തിന്റെ പൂർണ്ണതയിൽ യഹൂദൻമാരുടെ രാജാവിനെത്തന്നെ ദർശിച്ചു. ഹേറോദേസ് ദിവ്യകുമാരന്റെ ജീവൻ അപഹരിക്കുവാൻ പരിശ്രമിച്ച അവസരത്തിൽ ശത്രുക്കളിൽ നിന്ന്, ദിവ്യകുമാരനെ രക്ഷിക്കുവാൻ വിശ്വാസത്തിലും പ്രത്യാശയിലും അചഞ്ചലനാകാതെ അദ്ദേഹം മുന്നേറി. ഈജിപ്തിലെ പ്രവാസ കാലത്ത് അജ്ഞാതമായ സ്ഥലത്ത് വിജാതീയരുടെ

മദ്ധ്യത്തിൽ ദൈവകുമാരനെ പരിരക്ഷിക്കുന്നതും നസ്രത്തിലേക്കുള്ള യാത്രയും അജ്ഞാതവാസവും വിശുദ്ധ യൗസേപ്പിന്റെ ദിവ്യകുമാരനിലുള്ള വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അഗ്നിപരീക്ഷണ ഘട്ടങ്ങളായിരുന്നു. അവയെല്ലാം അതിജീവിച്ച് കൊണ്ട് അദ്ദേഹം വിശ്വാസപരവും പ്രത്യാശാപൂർണ്ണവുമായ തീർത്ഥയാത്ര പൂർത്തീകരിച്ചു. ആധുനിക ലോകത്തിൽ മനുഷ്യന്റെ ജീവിത രീതികളും ്രൈകസ്തവ വിശ്വാസവും തമ്മിൽ നിരവധി പൊരുത്തകേട് കാണാൻ സാധിക്കും. മാർ യൗസേപ്പിനെ അനുകരിച്ച്, ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ വിശ്വാസ ചൈതന്യത്തോടു കൂടി ്രൈകസ്തവർ ജീവിക്കുമ്പോൾ മാത്രമേ നാം യഥാർത്ഥ ക്രിസ്ത്യാനികളാവുകയുള്ളൂ. ഇന്നത്തെ ്രൈകസ്തവരിൽ പലരും നാമമാത്ര ്രൈകസ്തവരായിട്ടാണ് ജീവിക്കുന്നത്. എന്നാൽ വിശ്വാസത്തിന്റെ വെളിച്ചത്തിൽ എല്ലാ ജീവിതാവസ്ഥകളെയും വീക്ഷിച്ചാൽ മാത്രമേ നമ്മുടെ ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളെയും വെല്ലുവിളികളേയും നേരിടാൻ നാം പ്രാപ്തരാവുകയുള്ളൂ.! പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണല്ലോ' (വിശുദ്ധ യാക്കോബ്).

## സംഭവം

ലിയോൺസ് എന്ന നഗരത്തിൽ ഒരു കുലീന കുടുംബത്തിൽ ജനിച്ച ബാലൻ അതീവ ഭക്തനായി വളർന്നു. തന്റെ ജീവിതം ദൈവത്തിനായി അർപ്പിക്കുവാനുള്ള അനുഗ്രഹത്താൽ പ്രചോദിതനായി അവൻ സന്യാസ ജീവിതം നയിക്കുവാൻ തീരുമാനിച്ചു. പക്ഷെ മാതാപിതാക്കൻമാർ അതിന് അവനെ അനുവദിച്ചില്ല. അവൻ ഏറെ ദുഃഖിതനായി. ഇതേ തുടർന്നു അവൻ വളരെ മോശമായ രീതിയിൽ ജീവിക്കാൻ തുടങ്ങി. ഒരു കാലത്ത് പുണ്യജീവിതം കഴിച്ച അവൻ ഞായറാഴ്ചകളിൽ പോലും വിശുദ്ധ കുർബ്ബാനയിൽ പങ്കുകൊള്ളാൻ കൂട്ടാക്കിയില്ല. അപ്പോഴാണ് അവന്റെ മാതാപിതാക്കൾക്ക് തങ്ങളുടെ തെറ്റായ നടപടികളെക്കുറിച്ച് ബോധ്യമുണ്ടായത്. മോശമായ ജീവിതത്തിൽ നിന്ന്! പുത്രനെ നേർവഴിക്കു തിരിക്കുവാൻ, ഇടവക വികാരിയുടെ അഭ്യർത്ഥന അനുസരിച്ച് കുടുംബസമേതം പള്ളിയിലെത്തി മാർ യൗസേപ്പിതാവിനോടു പ്രാർത്ഥിച്ചു. അവൻ ദിവസവും ദിവ്യബലിയിൽ സഹായിച്ചിരുന്നതും മാർ യൗസേപ്പിതാവിനു പ്രതിഷ്ഠിച്ചിരുന്നതുമായ അൾത്താരയിൽ ഇടവക വികാരി അർപ്പിച്ച ദിവ്യപൂജയിൽ പങ്കുചേർന്ന കുടുംബാംഗങ്ങളെല്ലാം പ്രസ്തുത യുവാവിനു വേണ്ടി യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചു. ദിവസങ്ങൾ കഴിയുന്നതിനു മുൻപ് അവൻ മാനസാന്തരപ്പെട്ടു സുകൃത ജീവിതം കഴിക്കുവാനിടയായി.

## ജപം

മാർ യൗസേപ്പേ, അങ്ങ് അജയ്യമായ വിശ്വാസത്തോടും അചഞ്ചലമായ പ്രത്യാശയോടും കൂടിയ ഒരു ജീവിതമാണല്ലോ നയിച്ചിരുന്നത്. ഞങ്ങളും ക്രിസ്തീയമായ വിശ്വാസത്തിലും പ്രത്യാശയിലും ഞങ്ങളുടെ ജീവിതം നയിക്കുവാൻ ആവശ്യമായ അനുഗ്രഹം നൽകണമേ. അനുദിനം ഞങ്ങളുടെ വിശ്വാസത്തെ വെല്ലുവിളിക്കുന്ന തത്വസംഹിതകളെയും പ്രതിസന്ധി ഘട്ടങ്ങളെയും അതിജീവിച്ച് കൊണ്ട് വിശ്വാസത്തിലും പ്രത്യാശയിലും മുന്നേറുവാൻ ഞങ്ങളെ പ്രാപ്തരാക്കുക. ദൈവത്തിലും ഈശോമിശിഹായിലുമുള്ള ഞങ്ങളുടെ വിശ്വാസത്തിൽ ഞങ്ങൾ വളരട്ടെ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

## വി. യൗസേപ്പപിതാവിന്റെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ
(കർത്താവേ...)
മിശിഹായെ, അനുഗ്രഹിക്കണമേ.
(മിശിഹായെ...)
കർത്താവേ, അനുഗ്രഹിക്കണമേ.
(കർത്താവേ...)

മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
(മിശിഹായെ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
(മിശിഹായെ...)
ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഏറ്റു ചൊല്ലുക
സ്വർഗ്ഗസ്ഥനായ പിതാവേ,
ലോകരക്ഷകനായ ക്രിസ്തുവേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പ. ത്രിത്വമേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന് ഏറ്റു ചൊല്ലുക
പരിശുദ്ധ മറിയമേ,
വിശുദ്ധ യൗസേപ്പേ,
ദാവീദിന്റെ വിശിഷ്ട സന്താനമേ,
ഗോത്രപിതാക്കളുടെ പ്രകാശമേ,
ദൈവജനനിയുടെ ഭർത്താവേ,
പരിശുദ്ധ കന്യകയുടെ നിർമ്മലനായ കാവൽക്കാരാ,
ദൈവകുമാരന്റെ വളർത്തുപിതാവേ,
മിശിഹായുടെ ജാഗ്രതയുള്ള സംരക്ഷകാ,
തിരുക്കുടുംബത്തിന്റെ നാഥനേ,
എത്രയും നീതിമാനായ വി. യൗസേപ്പേ,
മഹാ വിരക്തനായ വി.യൗസേപ്പേ,
മഹാ വിവേകിയായ വി. യൗസേപ്പേ,
മഹാ ധീരനായ വി. യൗസേപ്പേ,
അത്യന്തം അനുസരണയുള്ള വി. യൗസേപ്പേ,
മഹാ വിശ്വസ്തനായ വി. യൗസേപ്പേ,
ക്ഷമയുടെ ദർപ്പണമേ,
ദാരിദ്ര്യത്തിന്റെ സ്നേഹിതാ,
തൊഴിലാളികളുടെ മാതൃകയേ,
കുടുംബജീവിതത്തിന്റെ അലങ്കാരമേ,
കന്യകകളുടെ സംരക്ഷകാ,
കുടുംബങ്ങളുടെ ആധാരമേ,
നിർഭാഗ്യരുടെ ആശ്വാസമേ,
രോഗികളുടെ ആശ്രയമേ,
മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥാ,
പിശാചുക്കളുടെ പരിഭ്രമമേ,
തിരുസ്സഭയുടെ പാലകാ,
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
.
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
(നായകൻ) ദൈവം അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ അധികാരിയായി നിയമിച്ചു.
(സമൂഹം) തന്റെ സകല സമ്പത്തുകളുടെയും നായകനുമാക്കി.

പ്രാർത്ഥിക്കാം

അത്യന്തം നിർമ്മലമായ പരിശുദ്ധ കന്യകയ്ക്കു ഭർത്താവായി നീതിമാനും വിവേകിയും വിശുദ്ധനുമായ യൗസേപ്പിനെ തെരഞ്ഞെടുത്ത ദൈവമേ, ജീവിതത്തിന്റെ പ്രയാസങ്ങളിലും

വേദനകളിലും മുഴുകിയിരിക്കുന്ന ഞങ്ങൾക്ക് ആശ്വാസവും ആശ്രയവും നൽകുന്ന പിതാവായി അദ്ദേഹത്തെ നിശ്ചയിച്ചതിൽ ഞങ്ങൾ നന്ദി പറയുന്നു. ഈ പിതാവിന്റെ മാദ്ധ്യസ്ഥം വഴി എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്ക് നൽകണമെയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

സുകൃതജപം

ദിവ്യകുമാരന്റെ വളർത്തു പിതാവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ.

+++